**കേരള നിയമസഭ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 304-ാം ചട്ട പ്രകാരം കോഴിക്കോട് ജില്ലയിലെ ബേപ്പൂർ തുറമുഖത്തു നിന്ന് ലക്ഷദ്വീപിലേക്കുള്ള ചരക്ക് നീക്കം മംഗലാപുരം വഴിയാക്കാനുള്ള നീക്കം സംബന്ധിച്ച് ശ്രീ.വി.കെ.സി. മമ്മത്കോയ എം.എൽ.എ ഉന്നയിച്ച സബ്മിഷന് ബഹു. തുറമുഖ വകുപ്പ് മന്ത്രി 19.01.2021ന് നൽകുന്നതിനായി തയ്യാറാക്കിയ മറുപടി.**

ലക്ഷദ്വീപ് സാമൂഹങ്ങളിലേക്കുള്ള യാത്രാ ചരക്ക് കപ്പലുകൾ ബേപ്പൂർ, കൊച്ചി തുറമുഖങ്ങളിൽ നിന്നാണ് സർവ്വീസ് നടത്തി വരുന്നത്. എന്നാൽ ചരക്ക് ഗതാഗതത്തിന്റെ ഒരു ഭാഗം മംഗലാപുരം തുറമുഖത്തേക്ക് മാറ്റുന്നതിന് ചില നീക്കങ്ങൾ നടന്നു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മംഗലാപുരം തുറമുഖത്തേക്ക് ചരക്ക് നീക്കം മാറ്റുന്നതിന് നീക്കം നടത്തുന്നവർ താഴെപറയുന്ന കാരണങ്ങളാണ് പറയുന്നത്.

1. മംഗലാപുരത്ത് പച്ചക്കറിക്കും പലവ്യഞ്ജനങ്ങൾക്കുമുള്ള വിലകുറവ്
2. മംഗലാപുരം തുറമുഖം 24 മണിക്കൂറും പ്രവർത്തനസജ്ജമാണെന്നുള്ള കാരണം
3. ബേപ്പൂർ തുറമുഖത്തിന്റെ ആഴക്കുറവ്
4. ബേപ്പൂർ തുറമുഖത്ത് ചരക്ക് കയറ്റുന്നതിനുള്ള വർദ്ധിച്ചുവരുന്ന തിരക്കും കാലതാമസവും
5. ലക്ഷദ്വീപിലേക്കുള്ള ചരക്കു നീക്കത്തിന് കുറഞ്ഞ നിരക്ക് ഈടാക്കാനുള്ള മംഗലാപുരം തുറമുഖ അധികൃതരുടെ നീക്കം.

ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും തുറമുഖ വകുപ്പും സാദ്ധ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ലക്ഷദ്വീപിനു വേണ്ടി മാത്രം ബേപ്പൂർ തുറമുഖത്ത് ഒരു ബർത്ത് നിർമ്മിക്കാൻ സംസ്ഥാന സർക്കാർ സ്ഥലം അനുവദിച്ചു നൽകിയെങ്കിലും പ്രസ്തുത പ്രോജക്ട് ലക്ഷദ്വീപ് ഭരണകൂടം നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് ബേപ്പൂരിലെ തിരക്ക് പരിഗണിച്ച് അവിടെ ഒരു പുതിയ ബർത്ത് കൂടി സ്ഥാപിക്കുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാഥമിക പഠനം ചെന്നൈ IIT പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. Capital Dredging നടത്തി പോർട്ടിന്റെ ആഴം വർദ്ധിപ്പിക്കാനും 24 മണിക്കൂറും തുറമുഖത്തു നിന്ന് ചരക്ക് ഗതാഗതം നടത്താനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തുന്നതിനും ഇക്കാര്യത്തിൽ സംസ്ഥാനത്തിന് അനുകൂലമായ തീരുമാനത്തിലെത്തി ച്ചേരുന്നതിനും തുറമുഖ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി യിരിക്കുകയാണ്.

22.1.21